10 മുതൽ 15 രൂപ വരെ നിരക്കിൽ ഊണ് നൽകി വരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ സംഭരണവും വിതരണവും സിവിൽ സപ്ലൈസ് വകുപ്പ് നിരീക്ഷിച്ചു വരുന്നുണ്ട്. ഫ്ലൈസൻസിംഗ് സമ്പ്രദായം നിർബന്ധമാക്കിയിട്ടുണ്ട്. സ്റ്റോക്കും വിലയും പ്രദർശിപ്പിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു.

വിഷൻ 2010 പദ്ധതി

27 (*27) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം സംസ്ഥാന നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിഷൻ 2010 പദ്ധതിയിൻ കീഴിൽ ഈ സർക്കാരിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കാനായി എന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന ഏതൊക്കെ പ്രവൃത്തികൾ ഈ സർക്കാരിന്റെ ഇനിയുള്ള കാലാവധിക്കുള്ളിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഡി) വിഷൻ 2010 സാക്ഷാത്കരിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ ഏതൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ബഹുമാനപ്പെട്ട മുൻ രാഷ്ട്രപതി ശ്രീ. എ. പി. ജെ അബ്ദുൾ കലാം 2005 ജൂലായ് മാസം കേരള നിയമസഭയിൽ കേരളത്തിന്റെ വികസനത്തിനായി താഴെപറയുന്ന 10 ദൗത്യങ്ങളുടെ രൂപരേഖ നൽകുകയുണ്ടായി. ഇതോടൊപ്പം കേരളത്തിന്റെ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മുൻഗണന നൽകുന്ന 6 ദൗത്യങ്ങൾ കൂടി കേരള സർക്കാർ കൂട്ടിച്ചേർക്കുകയുണ്ടായി. ഇവ താഴെപ്പറയുന്നു.

1. വിനോദ സഞ്ചാരം

2. ഉൾനാടൻ ജലഗതാഗത പാത വികസനം

3. വിജ്ഞാന ഉൽപ്പന്നങ്ങളുടെ വിപണനവും വികസനവും

4. ഔഷധ സസ്യങ്ങളുടേയും ആയുർവേദ ഉൽപ്പന്നങ്ങളുടെയും നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

5. നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഗുണമേന്മയുള്ള പരിശീലനം

6. പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം

7. ആഴക്കടൽ മത്സ്യബന്ധനവും സമുദ്ര മത്സ്യ സംസ്ക്കരണവും വിപണനവും

8. സമുദ്രമേഖലയിലെ "പുര"

9. റബ്ബർ, തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടി

10. വികസനത്തെ സഹായിക്കുന്ന ബഹിരാകാശ ദൗത്യം

11. കൃഷി

12. പരമ്പരാഗത വ്യവസായങ്ങൾ

13. ദാരിദ്ര നിർമ്മാർജ്ജനം

14. പൊതുമേഖലയുടെ പുനഃസംഘടന

15. വികേന്ദ്രീകരണ പ്രവർത്തനങ്ങൾ

16. പരിസ്ഥിതി സംരക്ഷണം

ഈ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഇതിലെ പദ്ധതികൾ സംസ്ഥാന പദ്ധതികളുമായും കേന്ദ്രാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) വിഷൻ 2010 ദൗത്യത്തിലെ പദ്ധതികൾ കേന്ദ്ര പദ്ധതികളായും സംസ്ഥാന പദ്ധതികളായും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ അവ ഓരോന്നും പ്രത്യേകം പ്രത്യേകമായി നടപ്പിലാക്കുന്നില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള പാരിസ്ഥിതിക പഠനം

28 (*28) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി നടത്തിയ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ പഠനങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നടപടികളാണ് ശേഷിക്കുന്നത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly